**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3427** **05-08-2021 - ൽ മറുപടിയ്ക്ക്**

**ക്യൂ ബില്ലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2018 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ക്യൂ ബില്ലുകൾ ആക്കിമാറ്റിയ ബില്ലുകൾക്ക് തൊട്ടടുത്ത സാമ്പത്തിക വർഷങ്ങളിൽ അഡീഷണൽ തുക നൽകിയിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | (എ) | ട്രഷറി പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ച പശ്ചാത്തലത്തിൽ സാമ്പത്തിക വർഷത്തെ അവസാന ദിവസമായ മാർച്ച് 31 ന് ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ പാസാക്കുവാൻ സാധിക്കാത്ത ബില്ലുകളും ചെക്കുകളുമാണ് പ്രധാനമായും ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നത്. സാമ്പത്തിക വർഷാവസാനം വളരെയധികം ബില്ലുകളും ചെക്കുകളും ട്രഷറികളിൽ സമർപ്പിക്കുന്ന പ്രവണതയുണ്ട്. അപ്രകാരം സമർപ്പിക്കുന്ന ബില്ലുകളും ചെക്കുകളും മുകളിൽ പ്രതിപാദിച്ച സമയപരിധിക്കുള്ളിൽ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി പാസാക്കി നൽകുവാൻ കഴിയാത്ത സാഹചര്യം മൂലമായിരുന്നു ട്രഷറി ക്യൂ ഏർപ്പെടുത്തിയിരുന്നത്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം ഇത് മുൻകൂട്ടി കണ്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ക്യൂ സിസ്റ്റം ഉണ്ടാവില്ലായെന്ന് വ്യക്തമാക്കുകയും ചെയ്തിരുന്നു. 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ ക്യൂ ബില്ലുകൾ ആക്കി മാറ്റിയ ബില്ലുകൾക്ക് ഭരണ വകുപ്പ് ശിപാർശ ലഭ്യമാക്കിയതനുസരിച്ച് അടുത്ത സാമ്പത്തിക വർഷം തുക അനുവദിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ